സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

കരട് രേഖ

പത്തനംതിട്ട ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയത്

കോതേക്കാട് പാലം അപ്രോച്ച് റോഡ് നിർമ്മാണ പദ്ധതിക്ക് വേണ്ടി പത്തനംതിട്ട ജില്ലയിൽ തിരുവല്ല താലൂക്കിലെ പെരിങ്ങര വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കൽ

നവംബർ 24, 2025

അർത്ഥനാധികാരി

എക്സിക്യൂട്ടിവ് എഞ്ചിനീയർ
പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ വിഭാഗം)
മിനി സിവിൽ സ്റ്റേഷൻ, മൂന്നാം നില
ആലപ്പുഴ :688013

ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ

സ്പെഷ്യൽ തഹസിൽദാർ
എൽ.എ.
പത്തനംതിട്ട

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ്

രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, രാജഗിരി പി.ഒ.,
കളമശ്ശേരി, പിൻ –683104
ഫോൺ: 0484 2911330–332/2550785

rajagirisia@gmail.com

www.rajagiri.edu

ഉള്ളടക്കം

അദ്ധ്യായം 1 : പഠനത്തിൻെറ സംക്ഷിപ്ത രൂപം

1.1 പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3 ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിസ്താരവും സ്വഭാവവും

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗങ്ങൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6 ലഘൂകരണ നടപടികൾ

അദ്ധ്യായം 2 : പദ്ധതിയുടെ വിശദവിവരങ്ങൾ

2.1 പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2 നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു താൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4 ഇതര മാർഗങ്ങൾ പരിശോധിക്കൽ

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7 അനുബന്ധമായ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.8 ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

2.9 മുൻപേ നടത്തിയ സാമൂഹ്യ/പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

2.10 ബാധകമായ നിയമങ്ങളും നയങ്ങളും

അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം

3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനുവേണ്ട വിവരശേഖരണം നടത്തിയ രീതിയും

3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4 പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

3.5 തൽപ്പരകക്ഷികളുമായുള്ള കൂടിയാലോചന, പബ്ലിക് ഹിയറിങ്ങ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമല്ല)

4.3 പദ്ധതിക്കാവശ്യമായ മൊത്തം ഭൂമി

4.4 പദ്ധതിബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുവിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5 നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം

4.6 ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ അളവും പ്രദേശവും

4.7 ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും ഉപയോഗവും

അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

5.1 കുടുംബങ്ങളുടെ എണ്ണം

5.1.1.പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ/ആദിവാസ കുടുംബങ്ങൾ

5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5 മൂന്ന് (3) വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6 മൂന്ന് (3) വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെപരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2 ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

അദ്ധ്യായം 6 : സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക രൂപരേഖ (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2 വരുമാനവും ദാരിദ്ര്യതലവും

6.3 ദുർബലജനവിഭാഗം

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

6.6 പ്രാദേശിക ഉപജീവനഘടകങ്ങൾ

6.7 കുടുംബബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8 ഭരണ സംഘടനകൾ

6.9 രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ടിതമായ പൗരസംഘടനകൾ

6.11 പ്രാദേശികവും ചരിത്രപരവുമായ പരിണാമപ്രക്രിയ

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

അദ്ധ്യായം 7 : സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നിർവ്വഹണ ആസൂത്രണം ('Social Impact Management Plan)

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2 ആഘാതം ഒഴിവാകാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗങ്ങൾ

7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4 പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപ്പനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6 ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദൂരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

7.7 സാമൂഹ്യ പ്രത്യാഘാതലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും

അദ്ധ്യായം 8 : സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി – സ്ഥാപന സംവിധാനം

8.1 ഓരോ പ്രത്യാഘാത ലഘൂകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2 സർക്കാരിതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3 സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4 ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

അദ്ധ്യായം 9: സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും

9.1 പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും വേണ്ടി വരുന്ന ചെലവ്

9.2 വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

9.3 സാമ്പത്തിക സ്രോതസ് തരം തിരിച്ച്

അദ്ധ്യായം 10: സാമൂഹ്യപ്രത്യാഘാത ദൂരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

10.1 മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2 റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3 സ്വതന്ത്ര മൂല്യനിർണ്ണയം –രൂപരേഖ

അദ്ധ്യായം 11 : ഭൂമിയേറ്റെടുക്കലിൽ ഉണ്ടാകുവാനിടയുള്ള ചെലവുകളുടെയും നേട്ടങ്ങളുടെയും വിശകലനവും ശുപാർശയും

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സാമൂഹ്യ പ്രത്യാഘാത ദൂരീകരണ ആസൂത്രണം എന്നിവയെക്കുറിച്ചുള്ള അന്തിമ നിഗമനം

11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

പട്ടികകൾ

1.3.1. ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിവരങ്ങൾ

3.1.1. പഠന സംഘം

3.5.1. പഠനവുമായ് ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ

4.6.1.: ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ ഏകദേശ അളവ്

5.1.1. ഭൂവുടമകളുടെ പേര്, നഷ്ടമാകുന്ന ആസ്തികളുടെ വിവരങ്ങൾ

7.6.1. സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും

അദ്ധ്യായം 1
പഠനത്തിൻെറ സംക്ഷിപ്ത രൂപം

1.1. പദ്ധതിയും പൊതു ആവശ്യവും

പത്തനംതിട്ട ജില്ലയിൽ ഉൾപ്പെടുന്ന തിരുവല്ല മുനിസിപ്പാലിറ്റിയിലെ കാവുംഭാഗം പ്രദേശത്തിനും പെരിങ്ങര ഗ്രാമപഞ്ചായത്തിലെ പെരിങ്ങര പ്രദേശത്തിനും ഇടയിലുള്ള മണിപ്പുഴ തോടിനു കുറുകെ നിലവിൽ ഒരു ഗോവണിപാലമാണുള്ളത്. പെരിങ്ങര പ്രദേശം 2018 ൽ പ്രളയബാധിതമായപ്പോൾ കാവുംഭാഗം പ്രദേശം വഴിയാണ് രക്ഷാപ്രവർത്തനം നടത്തിയതെന്ന് പ്രദേശവാസികൾ പറഞ്ഞു. മുൻകാലങ്ങളിൽ ബോട്ട് ഗതാഗതമുണ്ടായിരുന്ന മണിപ്പുഴ തോടിന് ചുറ്റുമുള്ള പ്രദേശങ്ങളിൽ റോഡുകൾ വികസിച്ചതിനാൽ ഇപ്പോൾ ടി തോടിലൂടെ ഗതാഗതം നടക്കുന്നില്ല. കോതേക്കാട് പാലത്തിൻെറയും അപ്രോച്ച് റോഡിൻെറയും നിർമ്മാണം 2020-21 വർഷത്തിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയാണ്. നിലവിലുള്ള ഗോവണി പാലത്തിനു പകരമായി വാഹനഗതാഗതം സാധ്യമാകുന്ന വിധത്തിലുള്ള പാലം നിർമ്മിക്കുകയും അനുബന്ധ റോഡ് വികസിപ്പിക്കുകയും ചെയ്യുന്നതോടെ കാവുംഭാഗം പ്രദേശത്തിനും പെരിങ്ങരയ്ക്കും ഇടയിൽ സുഗമമായ ഗതാഗതം സാധ്യമാകും. കോതേക്കാട് പാലം ഗതാഗതയോഗ്യമാകുന്നതിലൂടെ, 2018 ൽ പ്രളയ ബാധിതമായ പെരിങ്ങരയിലെ നിവാസികൾക്ക്, അത്തരം സന്ദർഭങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾ എളുപ്പത്തിലാക്കുവാൻ സാധിക്കും.

കോതേക്കാട് പാലം നിർമ്മാണം പ്രദേശത്തിൻെറ ഒരു അടിയന്തിര ആവശ്യമായതിനാൽ പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി പത്തനംതിട്ട ജില്ലാ കളക്ടർ 16.03.2024 തീയതിയിൽ ഫോറം നമ്പർ 4 (DCPTA/1019/2023/C2) വിജ്ഞാപനം പുറപ്പെടുവിക്കുകയും എസ്.ഐ.എ.യൂണിറ്റായ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് സാമൂഹ്യപ്രത്യാഘാത വിലയിരുത്ത പഠനം നടത്തുകയും ചെയ്തു. എന്നാൽ പദ്ധതിരൂപരേഖയിൽ ഉൾപ്പെട്ട 3 സർവ്വെനമ്പറുകൾ പ്രസ്തുത വിജ്ഞാപനത്തിൽ ഉൾപ്പെടുത്തപ്പെടാതിരുന്നതിനാൽ ടി സർവെനമ്പരുകളിലെ ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖയാണ് ഇത്

1.2. പദ്ധതി പ്രദേശം

തിരുവല്ല മുനിസിപ്പാലിറ്റിയിൽ ഉൾപ്പെടുന്ന കാവുംഭാഗം പ്രദേശത്തിനും പെരിങ്ങര ഗ്രാമപഞ്ചായത്തിലുൾപ്പെടുന്ന പെരിങ്ങര പ്രദേശത്തിനും ഇടയിലുള്ള മണിപ്പുഴ തോടിനു കുറുകെയാണ് കോതേക്കാട് പാലം സ്ഥിതി ചെയ്യുന്നത്. കാവുംഭാഗം ഭാഗത്ത് കാവുംഭാഗം-ഇഴിഞ്ഞില്ലം റോഡിൽ പെരിങ്ങോൾ ജംഗ്ഷൻ വരെയും മറുവശത്ത് ഗുരുക്കൾ മഠം റോഡ് വരെയുമാണ് അനുബന്ധറോഡ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. പെരിങ്ങര പഞ്ചായത്തിൽ വാർഡ് 10 ൽ ഉൾപ്പെടുന്ന ഭൂമിയാണ് നിലവിൽ ഏറ്റെടുക്കലിനായി വിജ്ഞാപനം ചെയ്തിരിക്കുന്നത്. ടി ഭൂമി കുടുംബങ്ങളുടെ താമസ സ്ഥലത്തിനോട് ചേർന്ന് കിടക്കുന്നതാണ്.

1.3. ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിസ്താരവും സ്വഭാവവും

ഒക്ടോബർ 3, 2025 തീയതിയിലെ കേരളഗസറ്റ് (അസാധാരണം) നമ്പർ 3504 ൽ പ്രസിദ്ധപ്പെടുത്തിയ പത്തനംതിട്ട ജില്ലാകളക്ടറുടെ 25/09/2025 തീയതിയിലെ നമ്പർ DCPTA/1019/2023 വിജ്ഞാപനം അനുസരിച്ച് കോതേക്കാട് പാലവും അനുബന്ധ റോഡും നിർമ്മാണ പദ്ധതിക്ക് വേണ്ടി നിലവിൽ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ വിവരങ്ങൾ പട്ടിക1.3.1.ൽ നൽകിയിരിക്കുന്നു

പട്ടിക1.3.1.: ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിവരങ്ങൾ

താലൂക്ക് : തിരുവല്ല

വില്ലേജ്	***ബ്ലോക്ക് നമ്പർ***	***സർവെ നമ്പർ***	***ഏകദേശ വിസ്തീർണ്ണം***
പെരിങ്ങര	06	645/10	0.0052
		645/12	0.0120
		645/12-1	0.0120

1.4. പരിഗണിക്കപ്പെട്ട ഇതര മാർഗങ്ങൾ

പദ്ധതി പ്രദേശത്ത് നിലവിലുള്ള പാലത്തിൻെറ പുനർനിർമാണത്തിനും അനുബന്ധ റോഡ് വികസനത്തിനുമായിട്ടാണ് ഭൂമി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത് എന്നതിനാൽ ഇതരമാർഗങ്ങളുടെ പരിഗണന അപ്രസക്തമാണ്.

1.5. സാമൂഹ്യ പ്രത്യാഘാതങ്ങൾ

പത്തനംതിട്ട ജില്ലയിൽ ഉൾപ്പെടുന്ന തിരുവല്ല മുനിസിപ്പാലിറ്റിയിലെ കാവുംഭാഗം പ്രദേശത്തിനും പെരിങ്ങര ഗ്രാമപഞ്ചായത്തിലെ പെരിങ്ങര പ്രദേശത്തിനും ഇടയിലുള്ള മണിപ്പുഴ തോടിനു കുറുകെ നിലവിലുള്ള ഗോവണിപാലത്തിനു പകരമായി വാഹന ഗതാഗതത്തിന് അനുയോജ്യമായ പാലവും അനുബന്ധറോഡും വികസിപ്പിക്കുന്നതിലൂടെ പെരിങ്ങര, കാവുംഭാഗം പ്രദേശങ്ങൾക്കിടയിലൂടെ വാഹനഗതാഗതം സാധ്യമാകും. ആയതിനാൽ പദ്ധതി ടി പ്രദേശങ്ങളുടെ വികസനത്തിന് കാരണമാകും.

പദ്ധതിക്ക് വേണ്ടി നിലവിൽ വിജ്ഞാപനം ചെയ്തിരിക്കുന്ന സർവെനമ്പറുകളിൽ നിന്ന് ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളുടെ ഒരു സംക്ഷിപ്ത വിവരണം പട്ടിക 1.5.1.ൽ നൽകിയിരിക്കുന്നു

പട്ടിക 1.5.1.ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ

ക്രമനമ്പർ	*പ്രത്യാഘാതം*	*എണ്ണം*	*വിശദീകരണം*
1	കൈവശഭൂമി നഷ്ടമാകൽ	3 ഉടമകൾ	
2	മറ്റ് നിർമ്മിതികൾ/ സൗകര്യങ്ങൾ പദ്ധതിബാധിതമാകൽ	3 ഉടമകൾ	ചുറ്റുമതി ലും ഗേറ്റും (3) കുടിവെള്ള പൈപ്പ് (1)
3	വൃക്ഷങ്ങൾ നഷ്ടമാകൽ	1 ഉടമ	കവുങ്ങ് 4, ആഞ്ഞിലി 2, പ്ലാവ്, മാവ്, തൈതെങ്ങ്, കറുക, കുരുമുളക് 2, നീർമരുത്, മാവിൻ തൈ, മുരിങ്ങ, പേര

പദ്ധതിക്ക് വേണ്ടി നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്ക് ഉണ്ടാകുവാനിടയുള്ള മേൽ വിവരിച്ചിട്ടുള്ള നഷ്ടങ്ങളല്ലാതെ മറ്റ് പ്രത്യാഘാതങ്ങൾ ഒന്നും ഉണ്ടാകുവാനിടയില്ലെന്ന് മനസിലാക്കുന്നു. പദ്ധതി നിർമ്മാണഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള

പൊടി, ശബ്ദമലിനീകരണം എന്നിവ മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ, നിർമ്മാണമാലിന്യങ്ങൾ മൂലമുള്ള പരിസര മലിനീകരണം, പദ്ധതി പ്രദേശത്തിന് സമീപമുള്ള വസ്തുവകകളിലേക്ക് പ്രവേശന തടസം എന്നിവയും പദ്ധതിയുടെ പ്രത്യാഘാതങ്ങളായി പരിഗണിച്ച് ലഘൂകരിക്കപ്പെടേണ്ടതാണ്.

1.6. ലഘൂകരണ നടപടികൾ

കോതേക്കാട് പാലവും അനുബന്ധ റോഡും നിർമ്മാണ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള മേൽവിവരിച്ച പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ ശുപാർശ ചെയ്യുന്നു

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനര ധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 കൂടാതെ ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 23.09.2015 തീയതിയിലെ G.O(MS)No. 485/2015/RD പോളിസി പ്രകാരം ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകേണ്ടതാണ്.
- പദ്ധതി നിർമ്മാണത്തോടനുബന്ധിച്ച് ഉണ്ടാകുവാനിടയുള്ള പരിസരമലിനീകരണം ഒഴിവാക്കുന്നതിന് നിർമ്മാണ മാലിന്യങ്ങളുടെ ശാസ്ത്രീയവും സമയാധിഷ്ടി തവുമായ നിർമ്മാർജനം ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

അദ്ധ്യായം 2
പഠനത്തിൻെറ വിശദ വിവരങ്ങൾ

2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

തിരുവല്ല മുനിസിപ്പാലിറ്റിയിൽ ഉൾപ്പെടുന്ന കാവുംഭാഗം പ്രദേശത്തിനും പെരിങ്ങര ഗ്രാമപഞ്ചായത്തിലെ കാരയ്ക്കൽ പ്രദേശത്തിനും ഇടയിലുള്ള മണിപ്പുഴ തോടിന് കുറുകെ നിലവിലുള്ള ഗോവണിപാലത്തിന് പകരമായി പുതിയ പാലവും അനുബന്ധ റോഡും നിർമ്മാണ പദ്ധതി സംസ്ഥാന ബഡ്ജറ്റ് 2020-2021ൽ ഉൾപ്പെടുത്തപ്പെട്ടിരുന്നു. ടി പദ്ധതി 513 ലക്ഷം രൂപ ചലവഴിച്ച് നടപ്പിലാക്കുന്നതിന് 1/12/2021 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചിരുന്നു. പിന്നീട് ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (പാലം വിഭാഗം), തിരുവനന്തപുരം സമർപ്പിച്ച കത്തിൻെറ അടിസ്ഥാനത്തിൽ 16/11/2022 തീയതിയിലെ സർക്കാർ ഉത്തരവ് G.O.(Rt)No.1123/2022/PWD പ്രകാരം ടി പദ്ധതി 586 ലക്ഷം രൂപ ചലവിൽ നടപ്പിലാക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി. പൊതുമരാമത്ത് വകുപ്പ് (പാലം വിഭാഗം), തിരുവല്ല കാര്യാലയമാണ് പദ്ധതി നിർമ്മാണം നടപ്പിലാക്കുന്നത്.

പദ്ധതിയ്ക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന്, കേരള സർക്കാർ 9.12.2015 ലെ 2753-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പരസ്യപ്പെടുത്തിയ 4.12.2015 ലെ. 649/2015/Rev. വിജ്ഞാപനപ്രകാരം 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ പത്തനംതിട്ട പൊന്നുംവില സ്പെഷ്യൽ തഹസിൽദാരെ ചുമതലപ്പെടുത്തിയിരിക്കുന്നു.

കേരള സർക്കാർ 03/10/2025 ലെ 3504-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പരസ്യപ്പെടുത്തിയ 25/09/2025 ലെ. DCPTA/1019/2023 വിജ്ഞാപനപ്രകാരം 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം സെക്ഷൻ 4 അനുശാസിക്കുന്ന

സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും, സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കളമശേരി, കൊച്ചി എന്ന എസ്.ഐ.എ യൂണിറ്റിനെ പത്തനംതിട്ട ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയിരിക്കുന്നു.

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

പത്തനംതിട്ട ജില്ലയിൽ തിരുവല്ല മുനിസിപ്പാലിറ്റിയിലെ കാവുംഭാഗം പ്രദേശത്തിനും പെരിങ്ങര ഗ്രാമപഞ്ചായത്തിലെ പെരിങ്ങറ പ്രദേശത്തിനും ഇടയിലുള്ള മണിപ്പുഴ തോടിനു കുറുകെ നിലവിലുള്ള ഗോവണിപാലത്തിനു പകരമായി വാഹന ഗതാഗതത്തിന അനുയോജ്യമായ പാലവും അനുബന്ധറോഡും വികസിപ്പിക്കുന്നതിലൂടെ പെരിങ്ങറ, കാവുംഭാഗം പ്രദേശങ്ങൾക്കിടയിലൂടെ വാഹനഗതാഗതം സാധ്യമാകും. പ്രളയ സാധ്യതയുള്ള പെരിങ്ങര പ്രദേശത്തിൻെറ രക്ഷാപ്രവർത്തനങ്ങൾക്ക് കോതേക്കാട് പാലം ഗതാഗതയോഗ്യമാക്കേണ്ടത് ഒഴിവാക്കാനാകാത്ത ഒരു ആവശ്യമാണെന്ന് മനസിലാക്കുന്നു. ആയതിനാൽ പദ്ധതി ടി പ്രദേശങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിൻെറ ഭാഗമാണ്.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 സെക്ഷൻ 2 ൽ ടി നിയമം ബാധകമായിട്ടുള്ള പൊതു ആവശ്യങ്ങൾ ലിസ്റ്റ് ചെയ്യപ്പെട്ടിരിക്കുന്നു. സെക്ഷൻ 2ൽ ഉപവകുപ്പ് (ബി) പ്രകാരം അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് ടി നിയമം ബാധകമാണ്. ആയതിനാൽ കോതേക്കാട് പാലവും അനുബന്ധ റോഡും നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമം വകുപ്പ് 2(b)(i) പ്രകാരം ഒരു പൊതു ആവശ്യമാണ്.

2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ.

തിരുവല്ല താലൂക്കിൽ കാവുംഭാഗം വില്ലേജിലെ 07, 15 ബ്ലോക്ക് നമ്പറുകളിൽ ഉൾപ്പെടുന്നതും പെരിങ്ങര വില്ലേജിലെ ബ്ലോക്ക് നമ്പർ 06 ൽ ഉൾപ്പെടുന്നതുമായ ഏകദേശം 10.00 ആർസ് ഭൂമിയാണ് കോതേക്കാട് പാലവും അനുബന്ധറോഡും നിർമ്മാണ പദ്ധതിക്കായി ആകെ ആവശ്യമായി വരുന്നത് എന്ന് മനസിലാക്കുന്നു. പദ്ധതിക്ക് വേണ്ടി നിലവിൽ ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്തിരിക്കുന്ന ഭൂമി പെരിങ്ങര പഞ്ചായത്തിൽ വാർഡ് 10 ൽ ഉൾപ്പെടുന്നു.

സംസ്ഥാന ബഡ്ജറ്റ് 2020-2021ൽ ഉൾപ്പെടുത്തപ്പെട്ട നിർദ്ദിഷ്ട പദ്ധതിയുടെ നിർമ്മാണം 586 ലക്ഷം രൂപ ചെലവിൽ നടപ്പിലാക്കുന്നതിന് 16/11/2022 തീയതിയിലെ കേരള സർക്കാർ ഉത്തരവ് G.O.(Rt)No.1123/2022/PWD പ്രകാരം പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്.

2.4. ഇതരമാർഗങ്ങൾ പരിശോധിക്കൽ

പദ്ധതി പ്രദേശത്ത് നിലവിലുള്ള ഗോവണി പാലത്തിനു പകരമായി വാഹനഗതാഗതം സാധ്യമാകുന്ന വിധത്തിലുള്ള മറ്റൊരുപാലം നിർമ്മിക്കുകയും ഇരുവശങ്ങളിലും നിലവിലുള്ള റോഡ് വികസിപ്പിക്കുകയും ചെയ്യുക എന്നതാണ് പദ്ധതി വിഭാവന ചെയ്യുന്നത്. പദ്ധതിപ്രദേശത്ത് ഭൂമി ഏറ്റെടുക്കലിനായുള്ള അടയാളപ്പെടുത്തലുകൾ വിലയിരുത്തുമ്പോൾ, ഒരു കെട്ടിടത്തെയും ഒരു വീടിനെയും ചെറിയ തോതിൽ ബാധിക്കുന്നതൊഴിച്ചാൽ, ഭൂവുടമകൾക്ക് കൈവശഭൂമിയുടെ അളവിൽ കുറവ് വരുന്നു എന്നതല്ലാതെ മറ്റ് വലിയ നഷ്ടങ്ങൾ ഉണ്ടാകുന്നില്ല എന്ന് മനസിലാക്കുന്നു. ഏറ്റവും കുറവ് പ്രത്യാഘാതം ഉണ്ടാകുന്ന വിധത്തിലാണ് ഭൂമി ഏറ്റെടുക്കൽ ക്രമപ്പെടുത്തിയിരിക്കുന്നത് എന്നതിനാൽ ഇതര മാർഗങ്ങളുടെ പരിഗണന അപ്രസക്തമാണ്.

2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായ സാമൂഹ്യ പ്രത്യാഘാത പഠനമാണ് നിലവിൽ നടക്കുന്നത്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചതിനു ശേഷം നിർമ്മാണ നടപടികൾക്കായി ഭൂമി അർത്ഥനാധികാരിക്ക് കൈമാറുകയും തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യും.

2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

6 മീറ്റർ നീളത്തിലുള്ള 2 സ്പാനുകളും 7 മീറ്റർ നീളത്തിലുള്ള 1 സ്പാനും ചേർന്ന് പാലത്തിൻെറ ആകെ നീളം 19 മീറ്റർ ആയിരിക്കും. 7.5 മീറ്റർ ക്യാരേജ്‌വേയും, ഒരു വശത്ത് 1.5 മീറ്റർ നടപാതയും ഉൾപ്പടെ പാലത്തിന് ആകെ 9.75 മീറ്റർ വീതി ഉണ്ടായിരിക്കും. പാലത്തിനോട് ചേർന്ന് 10 മീറ്ററും തുടർന്ന് 8 മീറ്റർ വീതിയിലുമാണ് അനുബന്ധറോഡ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്.

2.7. അനുബന്ധമായ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

പാലത്തിൻെറ ഇരുവശങ്ങളിലുമുള്ള വീടുകളിലേക്ക് പദ്ധതി നിർമ്മാണ ഘട്ടത്തിൽ പ്രവേശന തടസം ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് കൂടാതെ നിലവിലുള്ള പാലം പുനർനിർമ്മാണത്തിനായി പൊളിക്കുമ്പോൾ ഇരുകരകളിലേക്കുമുള്ള യാത്രക്ക് പകരം സവിധാനം ഉണ്ടായിരിക്കേണ്ടതാണ്.

2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

പദ്ധതിനിർമ്മാണം പൊതുമരാമത്ത് വകുപ്പ് ടെണ്ടർ നൽകും. പദ്ധതിയുടെ സമയക്രമീകരണം, കരാറുകാരൻ തയ്യാറാക്കുന്ന വർക്ക് ഷെഡ്യൂൾ എന്നിവ പൊതുമരാമത്ത് വകുപ്പ് വിലയിരുത്തുകയും പദ്ധതിയുടെ സമയാധിഷ്ഠിത പൂർത്തീകരണം സ്ഥിരമായ വിലയിരുത്തലിലൂടെ ഉറപ്പുവരുത്തുകയും ചെയ്യും.

2.9. മുൻപേ നടത്തിയ സാമൂഹ്യ/പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

പദ്ധതിപ്രദേശത്ത് മണ്ണ് പരിശോധനയും സൈറ്റ് സർവെയും നടത്തിയിട്ടുള്ളതായി അർത്ഥനാധികാരി അറിയിച്ചു. ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനമാണ് നിലവിൽ നടക്കുന്നത്.

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് എന്ന എസ്.ഐ.എ.യൂണിറ്റ് നടത്തിയിട്ടുണ്ട്

2.10. ബാധകമായ നിയമങ്ങളും നയങ്ങളും

കോതേക്കാട് പാലവും അനുബന്ധറോഡും നിർമ്മിക്കുന്നതിനുവേണ്ടി പെരിങ്ങര വില്ലേജിലെ 645/10, 645/12, 645/12-1 സർവ്വെനമ്പറുകളിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിന് ബാധകമായ നിയമങ്ങളും നയങ്ങളും താഴെ പറയുന്നു.

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013
2. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
3. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ 23.09.2015 തീയതിയിലെ G.O(MS)No.485/2015/RD പ്രകാരമുള്ള നയം

അദ്ധ്യായം 3
പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം

തിരുവല്ല മുനിസിപ്പാലിറ്റിയിൽ ഉൾപ്പെടുന്ന കാവുംഭാഗം പ്രദേശത്തിനും പെരിങ്ങര ഗ്രാമപഞ്ചായത്തിലെ കാരയ്ക്കൽ പ്രദേശത്തിനും ഇടയിലുള്ള മണിപ്പുഴ തോടിന് കുറുകെ നിലവിലുള്ള ഗോവണിപാലത്തിന് പകരമായി പുതിയ പാലം നിർമ്മിക്കുന്നതിനും അനുബന്ധ റോഡ് വികസിപ്പിക്കുന്നതിനുമായി പെരിങ്ങര വില്ലേജിൽ ബ്ലോക്ക് 6 ൽ ഉൾപ്പെട്ട 645/10, 645/12, 645/12-1 സർവ്വെനമ്പരുകളിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിൻെറ 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധി വാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം അനുസരിച്ച് ഏറ്റെടുക്കുന്നതിന് ടി നിയമത്തിൻെറ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കളമശേരിയെ ചുമതലപ്പെടുത്തിക്കൊണ്ട് പത്തനംതിട്ട ജില്ലാകളക്ടർ പുറപ്പെടുവിച്ച 25/08/2025 തീയതിയിലെ വിജ്ഞാപനം നമ്പർ DCPTA/1019/2023, 03/10/2025 തീയതിയിലെ 3504 നമ്പർ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. തദനുസൃതമായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റിൻെറ പഠന സംഘം പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി.

3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

പട്ടിക 3.1.1. പഠന സംഘം

ക്രമ നമ്പർ	പേര്	വിദ്യാഭ്യാസ യോഗ്യത/പദവി	പ്രവർത്തന പരിചയം
1	ഡോ.ഫാ.സാജു എം.ഡി	എം.ഫിൽ, പി.എച്ച്.ഡി പ്രിൻസിപ്പാൾ & ചെയർപേഴ്സൺ (SIA unit)	അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 16 വർഷത്തെ പ്രവർത്തന പരിചയം
2	ഡോ. ബിനോയ് ജോസഫ്	എം.എ. (എച്ച്.ആർ.എം), പി.എച്ച്.ഡി.,എൽ.എൽ.ബി. കൺസൾട്ടന്റ്	അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 29 വർഷത്തെ പ്രവർത്തന പരിചയം
3	ഡോ.ഫാ.ഷിൻേറാ ജോസഫ്	എ.എസ്.ഡബ്ല്യു., പി.എച്ച്.ഡി, കൺസൾട്ടന്റ്	അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 8 വർഷത്തെ പ്രവർത്തന പരിചയം
4	മീനകുരുവിള	എം.എസ്.ഡബ്ല്യു. കൺസൾട്ടന്റ്	വികസനമേഖലയിൽ 37 വർഷത്തെ പ്രവർത്തന പരിചയം
5	ബിജു സി.പി.	ബി.എ. ഡെവലപ്പ്മെന്റ് ഓഫീസർ	വികസനമേഖലയിൽ 32 വർഷത്തെ പ്രവർത്തന പരിചയം
6	മരിയ ടെൻസി വി.എസ്.	എം.എ., ഡി.എസ്.എസ്., റിസേർച്ച് അസോസിയേറ്റ്	വികസനമേഖലയിൽ 34 വർഷത്തെ പ്രവർത്തന പരിചയം
7	ഇന്ദിര വി.വി.	ഡാറ്റാ എൻട്രി ഓപ്പറേറ്റർ	32 വർഷത്തെ പ്രവർത്തന പരിചയം

3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനു വേണ്ട വിവരശേഖരണം നടത്തിയ രീതിയും

പദ്ധതിബാധിത കുടുംബങ്ങൾക്കും വ്യക്തികൾക്കും പദ്ധതി മൂലമുണ്ടായേക്കാവുന്ന വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുക കൂടാതെ സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നിർവ്വഹണ ആസൂത്രണം തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഉദ്ദേശ്യം. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനാവശ്യമായ വിവരശേഖരണത്തിന് പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്.

പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതി ബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതി ബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതി ബാധിതരാകുന്ന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ പദ്ധതിബാധിത പ്രദേശം സന്ദർശിക്കുകയും പദ്ധതി ബാധിതരെ നേരിൽ കണ്ട്, പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് അഭിമുഖത്തിലൂടെ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, കുടുംബാംഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിൻെറ സാമുഹിക-സാമ്പത്തിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും കുടുംബങ്ങൾക്കുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു.

പഠനത്തിനാവശ്യമായ ദ്വിതീയ വിവരങ്ങൾ, അതായത് ഏറ്റെടുക്കുന്ന ഭൂമിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയെക്കുറിച്ചും പദ്ധതി നിർവ്വാഹകരെക്കുറിച്ചുമുള്ള വിവരങ്ങൾ പൊതുമരാമത്ത് വകുപ്പ് (പാലം വിഭാഗം), തിരുവല്ല കാര്യാലയത്തിൽ നിന്നും

കൂടാതെ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയെക്കുറിച്ചുള്ള വിവരങ്ങൾ ഡെപ്പ്യൂട്ടി കളക്ടർ (എൽ.എ), പത്തനംതിട്ട കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്.

ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ കൂടുതലായി മനസിലാക്കുന്നതിന് പദ്ധതിപ്രദേശത്ത് ഒരു പബ്ലിക് ഹിയറിങ്ങ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. അർത്ഥനാധികാരിയുടെയും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെയും സാന്നിദ്ധ്യം പ്രസ്തുത പബ്ലിക് ഹിയറിങ്ങിൽ പ്രതീക്ഷിക്കുന്നു.

3.3. പഠനത്തിനുപയോഗിച്ച മാതൃകാ പരിശോധനാ രീതി

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് മാതൃകാ പരിശോധനാ രീതിയേക്കാൾ പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനമാണ് അഭികാമ്യം. വിജ്ഞാപനം ചെയ്യപ്പെട്ടിരിക്കുന്ന ഭൂമിയുടെ ഉടമകളുടെ എണ്ണം 3 ആയതിനാൽ എല്ലാ ഉടമകളെയും ഉൾപ്പെടുത്തിയാണ പഠനം നടത്തിയിരിക്കുന്നത്

3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ പദ്ധതിബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും, കൂടാതെ ഭൂവുടമകളെ നേരിൽ കണ്ട് പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് അഭിമുഖത്തിലൂടെയുമാണ് പഠനത്തിന് ആവശ്യമായ പ്രാഥമിക വിവരങ്ങൾ ശേഖരിച്ചത്. ഏറ്റെടുക്കുന്ന വസ്തുവിന്റെ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, കുടുംബാംഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിന്റെ സാമുഹിക–സാമ്പത്തിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും കുടുംബങ്ങൾക്കുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു.

പഠനത്തിനാവശ്യമായ ദ്വിതീയ വിവരങ്ങൾ, അതായത് ഏറ്റെടുക്കുന്ന ഭൂമിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയെക്കുറിച്ചും പദ്ധതി നിർവ്വാഹകരെക്കുറിച്ചുമുള്ള വിവരങ്ങൾ പൊതുമരാമത്ത് വകുപ്പ് (പാലം വിഭാഗം), തിരുവല്ല കാര്യാലയത്തിൽ നിന്നും കൂടാതെ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയെക്കുറിച്ചുള്ള വിവരങ്ങൾ ഡെപ്പ്യൂട്ടി കളക്ടർ (എൽ.എ) പത്തനംതിട്ട കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്.

പദ്ധതിമൂലം പൊതുസമൂഹത്തിനുണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഭൂവുടമകളുമായി നടത്തിയ അഭിമുഖത്തിലൂടെയും പ്രദേശത്തെ ജനപ്രതി നിധികളുമായി നടത്തിയ അഭിമുഖത്തിലൂടെയും മനസിലാക്കി.

3.5. തത്പരകക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

പഠന സംഘാംഗങ്ങൾ പദ്ധതി പ്രദേശം സന്ദർശിച്ച് ഭൂവുടമകളെ ബന്ധപ്പെട്ട് വിവരശേഖരണം നടത്തി. തുടർന്ന് പഠനത്തിൻെറ കരട് രേഖ പ്രസിദ്ധപ്പെടുത്തികൊണ്ട് പദ്ധതി പ്രദേശത്ത് ഒരു പബ്ലിക് ഹിയറിങ്ങ് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു

അദ്ധ്യായം 4
സ്ഥലത്തിൻെറ മൂല്യനിർണ്ണയം

4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

തിരുവല്ല മുനിസിപ്പാലിറ്റിയിൽ ഉൾപ്പെടുന്ന കാവുംഭാഗം പ്രദേശത്തിനും പെരിങ്ങര ഗ്രാമപഞ്ചായത്തിലുൾപ്പെടുന്ന പെരിങ്ങര പ്രദേശത്തിനും ഇടയിലുള്ള മണിപ്പുഴ തോടിനു കുറുകെയാണ് കോതേക്കാട് പാലം സ്ഥിതി ചെയ്യുന്നത്. കാവുംഭാഗം-ഇഴിഞ്ഞില്ലം റോഡിൽ നിന്ന് കോതേക്കാട് പാലം വരെയുള്ള മുനിസിപ്പാലിറ്റി റോഡും, പെരിങ്ങര ഭാഗത്ത് കോതേക്കാട് പാലം മുതൽ ഗുരുക്കൾ മഠം റോഡ് വരെയുള്ള റോഡുമാണ് അനുബന്ധറോഡായി വികസിപ്പിക്കുന്നത്. വിജ്ഞാപനം ചെയ്യപ്പെട്ടിരിക്കുന്ന സർവ്വെ നമ്പറുകൾ പെരിങ്ങര പഞ്ചായത്തിൽ വാർഡ് 10 ൽ ഉൾപ്പെടുന്നവയാണ്

4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമല്ല)

പത്തനംതിട്ട ജില്ലയിൽ ഉൾപ്പെടുന്ന തിരുവല്ല മുനിസിപ്പാലിറ്റിയിലെ കാവുംഭാഗം പ്രദേശത്തിനും പെരിങ്ങര ഗ്രാമപഞ്ചായത്തിലെ പെരിങ്ങര പ്രദേശത്തിനും ഇടയിലുള്ള മണിപ്പുഴ തോടിനു കുറുകെ നിലവിലുള്ള ഗോവണിപാലത്തിനു പകരമായി വാഹന ഗതാഗതത്തിന് അനുയോജ്യമായ പാലവും അനുബന്ധറോഡും വികസിപ്പിക്കുന്നതിലൂടെ കാവുംഭാഗം, പെരിങ്ങര പ്രദേശങ്ങൾക്കിടയിൽ വാഹനഗതാഗതം സാധ്യമാകുകയും, പെരിങ്ങരഭാഗത്തു നിന്നും തിരുവല്ലയിലേക്കുള്ള യാത്ര എളുപ്പമാകുകയും ചെയ്യും.

പദ്ധതിക്ക് ആവശ്യമായ മൊത്തം ഭൂമി ഏറ്റെടുക്കുമ്പോൾ കാവുംഭാഗം ഭാഗത്തെ ഒരു കെട്ടിടത്തിൻെറ ചെറിയ ഭാഗം നഷ്ടമാകുന്നതും, ഒരു വീടിൻെറ സൺഷെയ്ഡും പില്ലറും നഷ്ടമാകു ന്നതും. വീടുകളുടെ ചുറ്റുമതിലുകൾ പുനർനിർമ്മിക്കേണ്ടി വരും എന്നതും, ഏതാനും വൃക്ഷങ്ങൾ വെട്ടിമാറ്റേണ്ടിവരും എന്നതുമാണ് ഉടമകൾക്ക് കൈവശഭൂമിയുടെ അളവിൽ കുറവ് വരുന്നതോടൊപ്പം ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഉണ്ടാകുവാനിടയുള്ള കുടുംബങ്ങളെ കുടിയൊഴിപ്പിക്കൽ,

ഉപജീവനമാർഗം നഷ്ടമാകൽ തുടങ്ങിയ വലിയ പ്രത്യാഘാതങ്ങൾ ഒന്നും ടി പദ്ധതി മൂലം ഉണ്ടാകുന്നില്ല.

ഉടമകളായ 3 പേർക്ക് കൈവശഭൂമിയിൽ കുറവ് വരുന്നു എന്നതും ചുറ്റുമതിലും ഗേറ്റും പുനർനിർമ്മിക്കേണ്ടതായി വരും എന്നതും 1 ഉടമയുടെ സ്ഥലത്തെ വൃക്ഷങ്ങൾ നഷ്ടമാകും എന്നതുമാണ് നിലവിൽ വിജ്ഞാപനം ചെയ്യപ്പെട്ടിരിക്കുന്ന സർവ്വെനമ്പറുകളിൽ നിന്ന് ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ.

4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

എക്സിക്യൂട്ടിവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, ആലപ്പുഴ പത്തനംതിട്ട ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുള്ള അർത്ഥനാപ്രകാരം കോതേക്കാട് പാലം, അനുബന്ധറോഡ് നിർമ്മാണപദ്ധതിയ്ക്ക് ആകെ ആവശ്യമായ് വരുന്നത് ഏകദേശം 10 ആർസ് ഭൂമിയാണ്.

4.4. പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതു വിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

പെരിങ്ങര ഭാഗത്ത് ഏറ്റെടുക്കലിനായി അടയാളപ്പെടുത്തിയിരിക്കുന്ന ഭൂമിയിൽ റോഡിനോട് ചേർന്ന് പുറമ്പോക്ക് ഭൂമിയുള്ളതായി മനസിലാക്കുന്നു.

4.5. നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതി പ്രകാരമുള്ള ഉപയോഗം

നിർദ്ദിഷ്ട പദ്ധതിക്കായി നേരത്തെ സ്ഥലങ്ങൾ ഏറ്റെടുക്കുകയോ വാങ്ങിക്കുകയോ ചെയ്തിട്ടില്ല. കോതേക്കാട് പാലവും അനുബന്ധറോഡും നിർമ്മിക്കുന്നതിന് വേണ്ടിയാണ് ഏറ്റെടുക്കുന്ന ഭൂമി ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നത്

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ അളവും പ്രദേശവും

ഒക്ടോബർ 3, 2025 തീയതിയിലെ കേരളഗസറ്റ് (അസാധാരണം) നമ്പർ 3504 ൽ പ്രസിദ്ധപ്പെടുത്തിയ പത്തനംതിട്ട ജില്ലാകളക്ടറുടെ 25/09/2025 തീയതിയിലെ നമ്പർ DCPTA/1019/2023 വിജ്ഞാപനം അനുസരിച്ച് കോതേക്കാട് പാലവും അനുബന്ധ

റോഡും നിർമ്മാണ പദ്ധതിക്ക് വേണ്ടി നിലവിൽ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ ഏകദേശ അളവ് പട്ടിക 4.6.1. ൽ നൽകിയിരിക്കുന്നു

പട്ടിക 4.6.1: ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ ഏകദേശ അളവ്

സർവ്വെ നമ്പർ	***ഭൂമിയുടെ ഏകദേശ അളവ് (ഹെക്ടറിൽ)***
645/10	0.0052
645/12	0.0120
645/12-1	0.0120

4.7. ആഘാത ബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

ഭൂവുടമകളിൽ നിന്ന് ലഭിച്ച വിവരം അനുസരിച്ച് ഏറ്റെടുക്കപ്പെടുന്ന സ്ഥലങ്ങൾ പുരയിടങ്ങളാണ്. ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ 1 ഭൂവുടമയുടെ ഭൂമി ഗാർഹിക കൃഷിക്കുപയോഗിക്കുന്നതാണ്

3.8. കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥല ത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

ഭൂവുടമകൾക്ക് പദ്ധതിപ്രദേശത്ത് കൈവശമായിട്ടുള്ള ഭൂമിയുടെ അളവ് 35 സെൻറ്, 15 സെൻറ്, 76 സെൻറ് എന്നിങ്ങനെയാണ. 2 ഉടമകൾക്ക് ടി വസ്തു പാരമ്പര്യമായി കൈവശമായതും 1 ഉടമ 1991ൽ വാങ്ങിയതുമാണ്.

4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും ഉപയോഗവും

വസ്തുവകകളിൽ കഴിഞ്ഞ 3 വർഷത്തിനുള്ളിൽ കൈമാറ്റങ്ങളൊന്നും നടന്നതായി വിവരം ലഭിച്ചിട്ടില്ല.

ഭൂവുടമകൾക്ക് പദ്ധതിപ്രദേശത്ത് കൈവശമായിട്ടുള്ള ഭൂമിയുടെ അളവ് 35 സെൻറ്, 15 സെൻറ്, 76 സെൻറ് എന്നിങ്ങനെയാണ്. 2 ഉടമകൾക്ക് ടി വസ്തു പാരമ്പര്യമായി കൈവശമായതും 1 ഉടമ 1991ൽ വാങ്ങിയതുമാണ്. ഉടമകളുടെ താമസസ്ഥലത്തോട് അനുബന്ധമായി കിടക്കുന്ന ഭൂമിയാണ് പദ്ധതിക്കായി മാർക്ക് ചെയ്തിരിക്കുന്നത്

അദ്ധ്യായം 5

ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

പത്തനംതിട്ട ജില്ലയിൽ കോതേക്കാട് പാലവും അനുബന്ധറോഡും നിർമ്മിക്കുന്നതിനായി തിരുവല്ല താലൂക്കിൽ പെരിങ്ങര വില്ലേജിൽ ബ്ലോക്ക് നമ്പർ 6 ൽ 645/10, 645/12, 645/12-1 സർവ്വെനമ്പറുകളിൽ നിന്ന് ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ ഉടമകളുടെ വിവരങ്ങളും ഏറ്റെടുക്കപ്പെടുന്ന ഭൂമിയിലെ ആസ്തികളുടെ വിവരങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

5.1. കുടുംബങ്ങളുടെ എണ്ണം

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പ്രത്യക്ഷവും പരോക്ഷ വുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ ഉടമകളെ പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിതരായും, ഉപജീവനത്തിനോ, താമസത്തിനോ, മറ്റേതെങ്കിലും അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടിയോ ഏറ്റെടുക്കുന്ന സ്ഥലത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങളെ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായും കാണേണ്ടതാണ്. നിർദ്ദിഷ്ട പദ്ധതിക്ക് പ്രത്യക്ഷ ആഘാതബാധിതർ മാത്രമാണ് ഉള്ളത്

5.1.1. പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

പദ്ധതിക്കായി നിലവിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങളുടെ ഉടമകൾ 3 ആണ് എന്ന് പഠന സംഘം മനസിലാക്കുന്നു. പ്രസ്തുത ഉടമകളുടെ പേര് വിവരങ്ങളും, പ്രദേശത്ത് ഏറ്റെടുക്കലിനായി അടയാളപ്പെടുത്തിയിരിക്കുന്ന പ്രകാരം ഉടമകൾക്ക് നഷ ് ടമാകുന്ന ആസ്തികളുടെ വിവരങ്ങളും പട്ടിക 5.1.1.ൽ നൽകിയിരിക്കുന്നു.

പട്ടിക:5.1.1 : ഭൂവുടമകളുടെ പേര്, നഷ്ടമാകുന്ന ആസ്തികളുടെ വിവരങ്ങൾ

ക്രമ നമ്പർ	*ഉടമയുടെ പേര്*	*സർവെ നമ്പർ*	*നഷ്ടമാകുന്ന ആസ്തികൾ*
1	അജിത് ഗോപിനാഥ് (Late)	645/12-1	ചുറ്റുമതിൽ, ഗേറ്റ്
2	സി.എം.വർഗീസ്	645/10	ചുറ്റുമതിൽ, ഗേറ്റ്, കുടിവെള്ളപ്പൈപ്പ്
16	അജയ് ഗോപിനഥ്	645/12	ചുറ്റുമതിൽ, ഗേറ്റ്, കവുങ്ങ് 4, ആഞ്ഞിലി 2, പ്ലാവ്, മാവ്, തൈതെങ്ങ്, കറുക, കുരുമുളക് 2, നീർമരുത്, മാവിൻ തൈ, മുരിങ്ങ, പേര

5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ/ആദിവാസി കുടുംബങ്ങൾ

അത്തരം കുടുംബങ്ങൾ പദ്ധതിപ്രദേശത്തില്ല

5.3. പൊതുവിഭവങ്ങൾ ആഘാത ബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

പൊതുവിഭവങ്ങൾ പദ്ധതിപ്രദേശത്തില്ല

5.4. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതി യിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

അത്തരം കുടുംബങ്ങൾ പദ്ധതിപ്രദേശത്തില്ല

5.5. മൂന്ന് (3) വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗര പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

പദ്ധതിപ്രദേശത്ത് ആരും താമസിക്കുന്നില്ല

5.6. മൂന്ന് (3) വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമി യിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

പദ്ധതിമൂലം ആരുടെയും ഉപജീവനമാർഗം നഷ്ടമാകുന്നില്ല

5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാത ബാധിതരാകുന്നവർ)

പദ്ധതിക്ക് പരോക്ഷ ആഘാതബാധിതരില്ല.

5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

പദ്ധതിബാധിതമാകുന്ന സ്ഥലങ്ങൾ ഉടമകളുടെ വാസസ്ഥലങ്ങളോട് അനുബന്ധമായ സ്ഥലങ്ങളാണ് എന്നതിനാൽ ചുറ്റുമതിലുകൾ പൊളിച്ച് മാറ്റേണ്ടതായിട്ടുണ്ട്. കൂടാതെ 645/12 ലെ വൃക്ഷങ്ങൾ മുറിച്ച് മാറ്റേണ്ടതായ് വരും.

അദ്ധ്യായം 6
സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ

6.1. പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

പദ്ധതിബാധിത ഉടമകളിൽ 3 ഉടമകളുടെയും കുടുംബങ്ങൾ പദ്ധതിപ്രദേശത്ത് താമസിക്കുന്നവരാണ്. ഇവരിൽ ഒരു കുടുംബം ഇപ്പോൾ താൽക്കാലികമായി ചെന്നൈയിൽ താമസിക്കുന്നു. പദ്ധതിബാധിതരായ 3 കുടുംബങ്ങളിലുമായി 13 അംഗങ്ങളാണുള്ളത്. ഇവരിൽ 6 പേർ പുരുഷൻമാരും 7 പേർ സ്ത്രീകളുമാണ്

6.2. വരുമാനവും ദാരിദ്ര്യതലവും

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാനായി അടയാളപ്പെടുത്തിയിരിക്കുന്ന ഭൂമിയുടെ ഉടമ കളായ കുടുംബങ്ങൾക്ക് പൊതുവിതരണ സമ്പ്രദായമനുസരിച്ച് ലഭ്യമായ റേഷൻ കാർഡിൻെറ നിറം വിലയിരുത്തുമ്പോൾ പദ്ധതിബാധിതരിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെ യുള്ളവർ ആരും ഇല്ല എന്ന് മനസിലാക്കുന്നു. പദ്ധതിബാധിതരിൽ 1 കുടുംബത്തിന് നീല നിറത്തിലുള്ള റേഷൻ കാർഡും 2 കുടുംബങ്ങൾക്ക് വെള്ള നിറത്തിലുള്ള റേഷൻ കാർഡുമാണ് ലഭിച്ചിരിക്കുന്നത്.

6.3. ദുർബല ജനവിഭാഗം

പദ്ധതിബാധിതരാകുന്ന ഭൂവുടമകളിൽ 1 ഉടമ 60 വയസിനുമുകളിൽ പ്രായമുള്ള വ്യക്തിയാണ്. ഒരു ഉടമ മരണപ്പെട്ടതിനാൽ അദ്ദേഹത്തിൻെറ ഭാര്യയും മകളുമാണ് അവകാശിയായിട്ടുള്ളത് എന്ന് മനസിലാക്കുന്നു

6.4. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

പദ്ധതിബാധിതമാകുന്ന സ്ഥലങ്ങൾ ഉടമകളുടെ വാസസ്ഥലങ്ങളോട് അനുബന്ധമായ സ്ഥലങ്ങളാണ്.

6.5. പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

പദ്ധതിപ്രദേശത്ത് സാമ്പത്തിക പ്രവർത്തനങ്ങൾ ഇല്ല

6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

പ്രാദേശിക ഉപജീവനഘടകങ്ങൾ പദ്ധതിബാധിതമാകുന്നില്ല

6.7. കുടുംബബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

പദ്ധതിബാധിത കുടുംബങ്ങൾ അണുകുടുംബങ്ങളാണ്. സാംസ്കാരിക സംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടില്ല

6.8. ഭരണ സംഘടനകൾ

ഭരണ സംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടില്ല

6.9. രാഷ്ട്രീയ സംഘടനകൾ

രാഷ്ട്രീയ സംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടില്ല

6.10. സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

പൗരസംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടില്ല

6.11. പ്രാദേശികവും ചരിത്രപരവുമായ പരിണാമ പ്രക്രിയ

പദ്ധതിപ്രദേശങ്ങളായ കാവുംഭാഗം, പെരിങ്ങര പ്രദേശങ്ങൾ തിരുവല്ല മുനിസിപ്പാലിറ്റിയിലും, തിരുവല്ലയുടെ സമീപ്രദേശത്തും സ്ഥിതിചെയ്യുന്നു. പത്തനംതിട്ട ജില്ലയിലെ പ്രധാന പട്ടണങ്ങളിലൊന്നാണ് തിരുവല്ല. കേരളത്തിൽ ഏറ്റവും കൂടുതൽ വിദേശമലയാളികളുള്ള സ്ഥലമാണ് തിരുവല്ല എന്ന് പറയപ്പെടുന്നു. പദ്ധതി പ്രദേശങ്ങൾ ഗ്രാമീണതയുള്ള സ്ഥലങ്ങളാണ്. 2019 ലെ പ്രളയബാധിത പ്രദേശങ്ങളിൽ ഒന്നാണ് പെരിങ്ങര.

6.12. ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

പദ്ധതി പ്രദേശത്തെ ജനങ്ങൾക്ക് അടിസ്ഥാന ആവശ്യങ്ങൾക്കായുള്ള സൗകര്യങ്ങൾ തിരുവല്ലയിലും പരിസര പ്രദേശങ്ങളിലും ലഭ്യമാണ്. തിരുവല്ലയിൽ നിന്ന് ഏകദേശം 2.5 കി.മീറ്റർ ദൂരത്തിലാണ് പദ്ധതിപ്രദേശങ്ങൾ സ്ഥിതി ചെയ്യുന്നത്.

അദ്ധ്യായം 7

സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നിർവ്വഹണ ആസൂത്രണം (Social Impact Management Plan)

7.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

ഏതെങ്കിലും പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉടമകൾക്കും, വിവിധ ആവശ്യങ്ങൾക്കായി ടി പ്രദേശത്തെ ആശ്രയിക്കുന്നവർക്കും പല വിധത്തിലുള്ള പ്രത്യാഘാതങ്ങൾ ഉണ്ടാകുവാനിടയുണ്ട്. എന്നാൽ കോതേക്കാട് പാലവും അനുബന്ധ റോഡും നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ, ഭൂവുടമകളല്ലാതെ മറ്റ് പ്രത്യാഘാത ബാധിതരില്ല. ഭൂമി ഏറ്റെടുക്കൽ മൂലം ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങളും അത് ലഘൂകരിക്കുന്നതിന് നിയമാനുസൃതമായി ഏതെല്ലാം നടപടികൾ സ്വീകരിക്കണം എന്നതും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന ത്തിൻെറ വിവിധ ഘട്ടങ്ങളിലൂടെ വിലയിരുത്തുന്നു.

കോതേക്കാട് പാലം അനുബന്ധ റോഡ് നിർമ്മാണ പദ്ധതിക്ക് വേണ്ടി ആകെ 18 ഉടമകളുടെ ഭൂമിയാണ് ഏറ്റെടുക്കപ്പെടുന്നത്. ഇവരിൽ പദ്ധതിക്ക് വേണ്ടി മുൻപേ വിജ്ഞാപനം ചെയ്യപ്പെട്ട ഫോറം നമ്പർ 4 വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടില്ലാത്ത 3 സർവ്വെനമ്പറുകളിലെ (3 ഉടമകളുടെ) ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടാണ് നിലവിൽ സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനം നടക്കുന്നത്. പ്രസ്തുത സർവെനമ്പറുകളിലെ ഭൂമി ഏറ്റെടുക്കുമ്പോൾ 3 ഉടമകൾക്ക് കൈവശഭൂമിയിൽ കുറവ് വരുന്നു എന്നതും ചുറ്റുമതിലുകൾ പുനസ്ഥാപിക്കേണ്ടതായി വരുന്നു എന്നതും 1 ഉടമയുടെ ഭൂമിയിലുള്ള വൃക്ഷങ്ങൾ വെട്ടി മാറ്റേണ്ടിവരുന്നു എന്നതുമാണ് പ്രത്യാഘാതങ്ങളായി കാണുന്നത്

ഭൂമിയേറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 അനുശാസിക്കുന്ന നഷ്ടപരിഹാരം ഉടമകൾക്ക് സമയാധിഷ്ടിതമായി നൽകുന്നതിലൂടെ മേൽപറഞ്ഞ നഷ്ടങ്ങൾ ദൂരീകരിക്കാനാകും.

7.2. ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗങ്ങൾ

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്ക് ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ ലഘൂകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 കൂടാതെ ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 23.09.2015 തീയതിയിലെ G.O(MS)No. 485/2015/RD പോളിസി പ്രകാരം ഉടമകൾക്ക് നഷ്ടപരിഹാരം നൽകുക. കൂടാതെ പദ്ധതി നിർമ്മാണത്തോടനുബന്ധിച്ച് ഉണ്ടാകുവാനിടയുള്ള പരിസരമലിനീകരണം ഒഴിവാക്കുന്നതിന് നിർമ്മാണ മാലിന്യങ്ങളുടെ ശാസ്ത്രീയവും സമയാധിഷ്ടി തവുമായ നിർമ്മാർജനം ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം പുനരധിവാസ ത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടിക്രമങ്ങൾ

കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിന്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ഉം ടി നിയമത്തിൻെറ വെളിച്ചത്തിൽ നിലവിൽ വന്നിട്ടുള്ള നയങ്ങളും, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ഉം അനുശാസിക്കുന്ന നടപടിക്രമങ്ങൾ നിർദ്ദിഷ്ട പദ്ധതിക്ക് ബാധകമാണ്

7.4. പദ്ധതി രേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

ബാധകമല്ല

7.5. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപ്പനയിൽ വരുത്തേണ്ട മാറ്റങ്ങൾ

നിലവിലെ രൂപരേഖയിൽ മാറ്റങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടില്ല

7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദൂരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിച്ചുകൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി കേരള സർക്കാർ റവന്യൂ (ബി) ഡിപ്പാർട്ട്മെൻറ് പുറപ്പെടുവിച്ച 23.09.2015 തീയതിയിലെ G.O(MS)No. 485/ 2015/RD പ്രകാരം, പദ്ധതി ബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിലൂടെ പദ്ധതിയുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്തതിൻെറ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട പദ്ധതിയുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതി പട്ടിക 7.6.1 ൽ നൽകിയിരിക്കുന്നു.

പട്ടിക 7.6.1 *സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും*

ക്രമ നമ്പർ	പ്രതീക്ഷിക്കുന്ന പ്രത്യാഘാതം	പ്രത്യാഘാത ലഘൂകരണം	സമയക്രമം	നിരീക്ഷണ സൂചികകൾ
1	ഭൂമിയും ഭൂമിയിലെ ചമയങ്ങളും നഷ്ട മാകൽ	RFCTLARR നിയമം 2013 ഒന്നാം പട്ടിക പ്രകാരവും അനുബന്ധ മായ കേരള സംസ്ഥാന സർക്കാരിന്റെ പോളി സികൾ പ്രകാരവും നഷ്ടപരിഹാരം നൽകു ക	കേരള ഭൂമി ഏറ്റെടുക്കലി ൽ ന്യായമാ യ നഷ്ട പരിഹാര ത്തിനും സു താര്യതയ് ക്കും പു ന:ര ധിവാസത്തി നും,പുന:സ് ഥാപനത്തി നുമുള്ള അ വകാശ ചട്ട ങ്ങൾ 2015 പ്രകാരമുള്ള സമയക്രമം	ന്യായമായ ഭൂമി വിലയും നിയ മാധിഷ്ടിതമാ യ മറ്റ് ആനുകൂല്യങ്ങ ളും നൽകുന്നു എന്ന് ഭൂവു ടമകളെ ബോ ധ്യപ്പെടുത്തൽ
2	നിർമ്മാണമാലിന്യ ങ്ങൾ മൂലം പരിസര മലിനീകരണം	നിർമ്മാണമാലിന്യങ്ങളു ടെ ശാസ്ത്രീയവും സമ യാധിഷ്ഠിതവുമായ നിർമ്മാർജനം നിർമ്മാ ണഘട്ടത്തിനുമുൻപേ ആസൂത്രണം ചെയ്ത് ന ടപ്പിലാക്കുക		പദ്ധതി മൂലം പ്രദേശത്തി ന്റെ പരി സ്ഥിതിക്ക് കോട്ടം വരുന്നി ല്ല എന്ന് ഉറപ്പ് വരുത്തൽ

7.7. സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായ് അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും

ബാധകമല്ല

അദ്ധ്യായം 8
സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി – സ്ഥാപന സംവിധാനം

8.1. ഓരോ പ്രത്യാഘാത ലഘൂകരണ നടപടികൾക്കും ഉത്തര വാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ വകുപ്പ് 43 ഉം കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ലെ ചട്ടം 22 ഉം നിർവ്വചിക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതിബാധിത കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാരവും പുന:രധിവാസ പുന:സ്ഥാപന സ്കീമും തയ്യാറാക്കുന്നതിന്റെ ഉത്തരവാദിത്തം. സർക്കാരിന്റെയും, പുന:രധിവാസ–പുന:സ്ഥാപന കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തന്റെ കീഴിലുള്ള പദ്ധതിയ്ക്കു വേണ്ടി പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള സ്കീമിന്റെ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്. നിർദ്ദിഷ്ടപദ്ധതിയുടെ RFCTLARR നിയമം 2013 പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവഹിക്കുന്നതിന് കേരള സർക്കാരിന്റെ 9/12/2015 തീയതിയിലെ വിജ്ഞാപനം നമ്പർ 649/2015/Rev പ്രകാരം സ്പെഷ്യൽ തഹസിൽദാർ എൽ.എ. (ജനറൽ), പത്തനംതിട്ട ചുമതലപ്പെട്ടിരിക്കുന്നു.

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ഉം 23/09/2015 ൽ പുറപ്പെടുവിച്ച ഉത്തരവ് G.O.(MS)No.485/2015/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളായിരുന്നു ഉണ്ടായിരുന്നത് – ജില്ലാതല കമ്മിറ്റിയും, സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റിയും. എന്നാൽ 14.02.2019 ലെ

സർക്കാർ ഉത്തരവ് G.O.(MS)No.56/2019/RD.പ്രകാരം സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റി നിറുത്തലാക്കി. ജില്ലാതല കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

- ജില്ലാ കളക്ടർ
- പുന:രധിവാസ–പുന:സ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ പ്രതിനിധികൾ

ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ടിൻമേൽ ജില്ലാകളക്ടർ അംഗീകാരം നൽകണം. പദ്ധതി ബാധിതരുടെ രേഖകൾ പരിശോധിച്ച്, സ്ഥല പരിശോധന, വിചാരണ, തെളിവെടുപ്പ് എന്നീ മാർഗങ്ങളിലൂടെ ഉറപ്പ് വരുത്തി, ആവശ്യമായ ഭേദഗതികൾ വരുത്തി, തയ്യാറാക്കപ്പെട്ട്, ജില്ലാകളക്ടറുടെ അംഗീകാരം നേടിയ ഭൂമി വിലയും, 9/12/2017 തീയതിയിലെ സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന പുനരധിവാസ–പുനസ്ഥാപന പാക്കേജ് പ്രകാരമുള്ള തുകയും കൂടാതെ ബന്ധപ്പെട്ട അധികാരികൾ തയ്യാറാക്കിയ വൃക്ഷങ്ങളുടെ വില, മറ്റ് ആസ്തികളുടെ വില എന്നിവയും കൂടി ഉൾപ്പെടുത്തിയ നിയമാനുസൃതമായ നഷ്ടപരിഹാരം ജില്ലാതല കമ്മിറ്റി പദ്ധതിബാധിത കുടുംബത്തോട് വിശദീകരിക്കും. പദ്ധതിബാധിത വ്യക്തിയുടെ/ കുടുംബത്തിൻെറ അനുമതി ലഭിച്ചു കഴിഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള മീറ്റിംഗ് മിനിറ്റ്സും ഉൾപ്പടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ജില്ലാകളക്ടർക്ക് സമർപ്പിക്കും. നിശചയിക്കപ്പെട്ട നഷ്ടപരിഹാരവും പുന:രധിവാസ–പുന:സ്ഥാപന പാക്കേജും പദ്ധതി ബാധിത വ്യക്തിക്ക്/കുടുംബത്തിന് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

8.2. സർക്കാരിതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

ഒരു പൊതു ആവശ്യത്തിനുവേണ്ടി സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാര ത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്നു. കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കു ന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളെയോ സംഘടനക ളെയോ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനുസൃതമായി അനുമതി നൽകാമെന്ന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശചട്ടങ്ങൾ 2015 ൻെറ ചട്ടം 9 ൽ നിർവ്വചിച്ചിരിക്കുന്നു. അതിൻ പ്രകാരം കോതേക്കാട് പാല ത്തിൻെറയും അനുബന്ധറോഡിൻെറയും നിർമ്മാണത്തിന് 645/10, 645/12, 645/12-1 സർവ്വെനമ്പറുകളിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്ന പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിനെ 2025 സെപ്റ്റംബർ 25 തീയതിയിലെ നമ്പർ DCPTA/1019/2023 വിജ്ഞാപനത്തിലൂടെ പത്തനംതിട്ട ജില്ലാകളക്ടർ ചുമതലപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പബ്ലിക് ഹിയറിംഗ് ഉൾപ്പടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള നടപടികൾ നിർവ്വഹിക്കുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു.

8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നു ണ്ടെങ്കിൽ വിവരിക്കുക

ബാധകമല്ല

8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനു മുള്ള അവകാശചട്ടങ്ങൾ 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

അദ്ധ്യായം 9
സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും

9.1. പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനും വേണ്ടി വരുന്ന ചെലവ്

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പുനരധിവാസ–പുനസ്ഥാപന പാക്കേജ് ആവശ്യമായി വരുന്നില്ല.

9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

ബാധകമല്ല

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

ബാധകമല്ല.

അദ്ധ്യായം 10

സാമൂഹ്യപ്രത്യാഘാത ദൂരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

10.1. മേൽ നോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- ഭൂമിയുടെ ന്യായമായ വിലയും നഷ്ടപരിഹാരവും
- സമയാധിഷ്ടിതമായ നടപടികൾ
- പ്രദേശത്തിന്റെ പരിസ്ഥിതിക്ക് കോട്ടം വരാതെയുള്ള പദ്ധതി നിർവ്വഹണം

10.2. റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ടകർത്തവ്യങ്ങളും

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികളുടെ റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യ ങ്ങളും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശചട്ടങ്ങൾ 2015 പ്രകാരമാ യിരിക്കും. നിർദ്ദിഷ്ട പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെട്ടിരിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ, എൽ.എ. (ജനറൽ) പത്തനംതിട്ട ആണ്

10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

ബാധകമല്ല

അദ്ധ്യായം 11

ഭൂമിയേറ്റെടുക്കലിൽ ഉണ്ടാകുവാനിടയുള്ള ചെലവുകളുടെയും നേട്ടങ്ങളുടെയും വിശകലനവും ശുപാർശയും

11.1. പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സാമൂഹ്യ പ്രത്യാഘാത ദൂരീകരണ ആസൂത്രണം എന്നിവയെക്കുറിച്ചുള്ള അന്തിമ നിഗമനം

പത്തനംതിട്ട ജില്ലയിൽ തിരുവല്ല മുനിസിപ്പാലിറ്റിയിലെ കാവുംഭാഗം പ്രദേശത്തിനും പെരിങ്ങര ഗ്രാമപഞ്ചായത്തിലെ പെരിങ്ങര പ്രദേശത്തിനും ഇടയിലുള്ള മണിപ്പുഴ തോടിനു കുറുകെ നിലവിലുള്ള ഗോവണിപാലത്തിനു പകരമായി വാഹന ഗതാഗതത്തിന് അനുയോജ്യമായ പാലവും അനുബന്ധറോഡും വികസിപ്പിക്കുന്നതിലൂടെ പെരിങ്ങര, കാവുംഭാഗം പ്രദേശങ്ങൾക്കിടയിലൂടെ വാഹനഗതാഗതം സാധ്യമാകും. നിർദ്ദിഷ്ട പദ്ധതി രാജ്യത്തിൻെറ അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടിയായതിനാൽ 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമം വകുപ്പ് 2(b)(i) പ്രകാരം ഒരു പൊതു ആവശ്യമാണ്.

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാനായി അടയാളപ്പെടുത്തിയിരിക്കുന്നത് 18 ഉടമകളുടെ കൈവശത്തിലുള്ള ഭൂമിയാണ്. ഇവരിൽ പദ്ധതിക്ക് വേണ്ടി മുൻപേ വിജ്ഞാപനം ചെയ്യപ്പെട്ട ഫോറം നമ്പർ 4 വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടില്ലാത്ത 3 സർവ്വെനമ്പറുകളിലെ (3 ഉടമകളുടെ) ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടാണ് നിലവിൽ സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനം നടക്കുന്നത്. പ്രസ്തുത സർവെനമ്പറുകളിലെ ഭൂമി ഏറ്റെടുക്കുമ്പോൾ 3 ഉടമകൾക്ക് കൈവശഭൂമിയിൽ കുറവ് വരുന്നു എന്നതും ചുറ്റുമതിലുകൾ പുനസ്ഥാപിക്കേണ്ടതായി വരുന്നു എന്നതും 1 ഉടമയുടെ ഭൂമിയിലുള്ള വൃക്ഷങ്ങൾ വെട്ടിമാറ്റേണ്ടിവരുന്നു എന്നതുമാണ് പ്രത്യാഘാതങ്ങളായി കാണുന്നത്. പ്രദേശത്തിൻെറ

വികസനത്തിനുവേണ്ടി വളരെ കുറവ് പ്രത്യാഘാതം ഉണ്ടാകുന്ന വിധത്തിലാണ് നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വിലയിരുത്താവുന്നതാണ്.

പ്രദേശത്തിൻെറ വികസനത്തിനു വേണ്ടിയാണ് പദ്ധതി നടപ്പിലാക്കുന്നത് എന്നതിനാൽ ഉടമകൾക്ക് ഭൂമി ഏറ്റെടുക്കലിനോട് അനുകൂല മനോഭാവമാണുള്ളത്. ആയതിനാൽ RFCTLARR നിയമം 2013 അനുശാസിക്കുന്ന നഷ്ടപരിഹാരം ഭൂവുടമകൾക്ക് സമയാ ധിഷ്ടിതമായി നൽകുന്നതിലൂടെ ഭൂമി ഏറ്റെടുക്കൽ മൂലം ഉണ്ടാകുവാനിടയുള്ള പ്രത്യാ ഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്.

11.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

പദ്ധതിയുടെ നേട്ടങ്ങളും ഭൂമി ഏറ്റെടുക്കൽ മൂലം ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങളും വിലയിരുത്തുമ്പോൾ പദ്ധതി മൂലം ഉണ്ടാകുവാനിടയുള്ള നേട്ടങ്ങൾ, ഭൂമി ഏറ്റെടുക്കൽ മൂലം ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങളേക്കാൾ വളരെ കൂടുതലാണ് എന്ന് വിലയിരുത്താവുന്നതാണ്. ആയതിനാൽ പത്തനംതിട്ട ജില്ലയിലെ കോതേക്കാട് പാലം അനുബന്ധ റോഡ് നിർമ്മാണ പദ്ധതിയുടെ രൂപരേഖയിൽ ഉൾപ്പെടുന്ന തിരുവല്ല താലൂ ക്കിൽ പെരിങ്ങര വില്ലേജിലെ 645/10, 645/12, 645/12-1 സർവ്വെനമ്പറുകളിൽ നിന്നുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതി നടപ്പിലാക്കാവുന്നതാണെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരു ത്തൽ പഠന യൂണിറ്റ് ശുപാർശ ചെയ്യുന്നു. ഭൂമി ഏറ്റെടുക്കൽ മൂലം ഉണ്ടാകുവാ നിടയുള്ള സാമൂഹ്യപ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ ശുപാർശ ചെയ്യുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധി വാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന: സ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 കൂടാതെ ടി നിയമത്തിൻെറയും ചട്ട ത്തിൻെറയും വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 23.09.2015 തീയതിയിലെ G.O(MS)No.485/

2015/RD തീയതിയിലെ പോളിസി പ്രകാരം ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുക

- പദ്ധതി നിർമ്മാണത്തോടനുബന്ധിച്ച് ഉണ്ടാകുവാനിടയുള്ള പരിസരമലിനീകരണം ഒഴിവാക്കുന്നതിന് നിർമ്മാണ മാലിന്യങ്ങളുടെ ശാസ്ത്രീയവും സമയാധിഷ്ടിതവുമായ നിർമ്മാർജനം ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013

2. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015

3. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ – റവന്യൂ (ബി) വകുപ്പിൻെറ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O.(MS)No.485/2015/RD പ്രകാരം ഭൂമി ഏറ്റെടുക്കലിൽ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം

4. അസിസ്റ്റൻറ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (പാലം വിഭാഗം), തിരുവല്ല കാര്യാലയത്തിൽ നിന്ന് ലഭിച്ച പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ